## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5733

02.07.2014 -ൽ
മറുപടിയ്ക്ക്

### ഇറിഗേഷൻ വകുപ്പിലെ പ്രമോഷനുകൾ

ചോദ്യം
ശ്രീ. എ.എം. ആരിഫ്

ഉത്തരം
ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഇറിഗേഷൻ വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറാകുന്നതിനുള്ള പ്രൊമോഷന്റെ ഡി.പി.സി. ലിസ്റ്റിൽ നിന്ന് വിജിലൻസ് കേസിന്റെ പേരിൽ നാല് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ മാറ്റി നിർത്തിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സമാന സ്വഭാവത്തിലുള്ള ഒരു കേസിലുള്ള ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർ ആകുവാനുള്ള നീക്കം നടത്തുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടില്ല. ഇപ്പോൾ ഒഴിവുള്ള ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കുവാനുള്ള നിർദ്ദേശത്തിൻമേൽ അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | വിജിലൻസ് കേസുകൾ ഉള്ള ആളുകളെ ചീഫ് എഞ്ചിനീയർ പോലുള്ള സുപ്രധാന തസ്തികകളിൽ നിയമിക്കുന്നതിന് സർവീസ് കോഡ് അനുവദിക്കുന്നുണ്ടോ ; | (സി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്തുമാണ് ഇത്തരം വിഷയങ്ങളിൽ സർക്കാർ തീരുമാനം കൈക്കൊള്ളാറുള്ളത്. |
| (ഡി) | ഡാമുകളെ സംബന്ധിച്ച് സമീപകാലത്ത് വിവാദങ്ങൾ ഉയർന്നു വന്ന പശ്ചാത്തലത്തിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ പോലുള്ള സുപ്രധാന തസ്തികകളിൽ അനധികൃത സ്വത്ത് | (ഡി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളനുസരിച്ചും നിലവിലുള്ള മറ്റ് സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളനുസരിച്ചും ; പ്രൊമോഷന് അർഹതയുള്ളവരുടെ |

| | |
|---|---|
| സമ്പാദനം പോലുള്ള വിജിലൻസ് കേസ് പെന്റിംഗിൽ ഉള്ളവരെ നിയമിക്കാതിരിക്കുന്നതിനുള്ള ജാഗ്രത കാണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ? | കോൺഫിഡൻഷ്യൽ റിപ്പോർട്ട്, വിജിലൻസ് ക്ലിയറൻസ്, എന്നിവ കൂടി പരിശോധിച്ചതിനു ശേഷവുമാണ് യോഗ്യതയുള്ളവരെ ഇത്തരം തസ്തികകളിൽ നിയമിക്കാറുള്ളത്. ജലസേചന വകുപ്പിൽ ചീഫ് എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നടത്തുന്നതു സംബന്ധിച്ച് സർക്കാർ നാളിതുവരെ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ